# St George UPS

*Naranganam*

# Academic Master Plan

2025 - 26



# ആമുഖം

പത്തനംതിട്ട ജില്ലയിൽ നാരങ്ങാനം പഞ്ചാ യത്തിൽ നിരന്നകാലാ എന്ന സ്ഥലത്ത് മനോഹര മായ ഒരു കുന്നിൻമുകളിലായി ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു . നാരങ്ങാനം സെൻ്റ് തോമസ് മാർത്തോമാപള്ളിയുടെയും സെൻ്റ് മേരീസ് കത്തോലിക്കാപള്ളിയുടെയും, കോട്ടപ്പാറ മലദേവർ ക്ഷേത്രത്തിൻ്റെയും മധ്യത്തിലായാണ് ഈ സരസ്വതീ വിദ്യാലയം നിലകൊള്ളുന്നത്.

നാരങ്ങാനം ഗ്രാമീണ ഗ്രന്ഥശാലയും പഞ്ചായത്ത് ഡിസ്പെൻസറിയും ഈ വിദ്യാലയത്തിനു സമീപത്തായി പ്രവർത്തിക്കുന്നു

# ലഘു ചരിത്രം

## നാരങ്ങാനം സെന്റ് ജോർജ് യുപി സ്കൂൾ നാരങ്ങാനം

മാർത്തോമാ ഇടവകയുടെ ട്രസ്റ്റി ആയിരുന്ന നിരന്നകാലയിൽ ശ്രീ ചാക്കോ ഗീവർഗീസിനെയും ഇടവക വികാരിമാരായിരുന്ന റവ കെ എം മാത്യൂ, റവ പി ജി ഉമ്മൻ എന്നിവരുടെയും ത്യാഗോജ്വലമായ പ്രവർത്തനങ്ങളിൽ നിന്നും ഉടലെടുത്തതാണ് നാരങ്ങാനം സെന്റ് ജോർജ് യുപി സ്കൂൾ ശ്രീ ചാക്കോ വർഗീസ് സ്കൂൾ സ്ഥാപനത്തിനായി സ്ഥലം ദാനം ചെയ്തു 1947 മെയ് മാസം 19 തീയതി വ്യാഴാഴ്ച ശ്രീ എം ടി കുരുവിളയുടെ മഹനീയാധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ വച്ച് സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നടന്നു. പ്രാരംഭം മുതൽ ശ്രീ എം റ്റി തോമസ് സ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു 1959 വരെ യുപി സ്കൂൾ സെക്ഷൻ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. 1/6/1960 ൽ ഗവൺമെന്റിൽ നിന്നും അനുവാദം കിട്ടിയതനുസരിച്ച് പുതിയ കെട്ടിടം പണിയിച്ച് എൽ പി സെക്ഷൻ ആരംഭിച്ചു

സ്കൂളിലെ സ്ഥാപനകാര്യങ്ങളിൽ വിവേക പൂർവമായ ആലോചന നൽകിയും സ്വന്തം പണം ചെലവ് ചെയ്തും ഇടവക ജനങ്ങളോടും പിരിച്ച് കെട്ടിടങ്ങൾ പണിയിച്ചു. ദേശത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ച നിരന്ന കാലായിൽ ശ്രീ ചാക്കോ ഗീവർഗീസിന്റെ സേവനം സേവനം സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തി, 1950 ജൂൺ 20-)൦ തിയതി നിര്യാതനായി.

1972- 73 ൽ ഏറ്റവും മികച്ച സ്കൂളിലുള്ള ഷീൽഡ് ഗവൺമെന്റിൽ നിന്നും ഈ സ്കൂളിൽ ലഭിച്ചിട്ടുണ്ട് ഇപ്പോൾ 7 ക്ലാസുകളും എട്ട് അധ്യാപകരും ഒരു ഓഫീസ് സ്റ്റാഫും ജോലി നോക്കുന്നു

നാരങ്ങാനം മാർത്തോമാ ഇടവകങ്ങളുടെ അകമഴിഞ്ഞ സംഭാവനയിലൂടെയും പ്രയത്നത്തിലൂടെയും ഉടലെടുത്തതാണ് സെന്റ് ജോർജ് യുപി സ്കൂൾ നാരങ്ങാനം

# ഭൗതികസൗകര്യങ്ങൾ

* കെട്ടുറപ്പുള്ള കെട്ടിടം. ഏഴ് ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ലാബ്,ലൈബ്രറി, വിഷയാധിഷ്ഠിതമായ ലാബുകൾ.

* ഒന്നു മുതൽ നാല് വരെ ടൈലിട്ട ക്ലാസ് മുറികൾ. ക്ലാസ് മുറികൾ വേർതിരിക്കുന്ന സ്ക്രീനുകൾ.

* ഓഫീസ് റൂം, സ്റ്റാഫ് റൂം ഉൾപ്പെടെ ഒന്നു മുതൽ ഏഴ് വരെ ഓരോ ഡിവിഷനുകൾ കെട്ടിടങ്ങളിൽ പ്രവർത്തി-ക്കുന്നു .

* സ്കൂൾ ഹൈടെക് പദ്ധതി പ്രകാരം 2020 വർഷത്തിൽ 5 ലാപ്ടോപ്പും 2 പ്രൊജക്ടറും ലഭ്യമായി.

* വിശാലമായ മുറ്റം ഈ സ്കൂളിന്റെ പ്രത്യേകതയാണ്. വാഹനങ്ങൾ സ്കൂൾ മുറ്റത്ത് എത്തത്തക്കവിധം MLA, MP ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡ്.

* എല്ലാ ക്ലാസ് മുറികളിലും ഫാൻ, ലൈറ്റ്, വായനാ മൂല എന്നിവ ഒരുക്കിയിരിക്കുന്നു. *ആൺകുട്ടികൾക്കും പെൺകുട്ടികൾ ക്കും പ്രത്യേക ശുചി മുറികൾ. പെൺ ശിശു സൗഹൃദ ശുചി മുറി.

* കുടിവെള്ള സൗകര്യത്തിനായി കിണർ, മഴവെള്ള സംഭരണി എന്നിവ ഉപയോഗിക്കുന്നു.കൂടാതെ ശുദ്ധജ-ലത്തിനായി വാട്ടർ പ്യൂരിഫയറും ലഭ്യമാണ്. ഉച്ചഭക്ഷണം ക്രമീകരിക്കാൻ സൗ-കര്യപ്രദമായ അടുക്കള, ഊണുമുറി.

കുട്ടികൾക്ക് കളിക്കാൻ ഊഞ്ഞാൽ, സീസോ. പ്രീപ്രൈമറി കുട്ടി കൾക്ക് ആവശ്യ-മായ കളിപ്പാട്ടങ്ങൾ, കസേര, പ്രത്യേക ക്ലാസ്.

*ചരിത്രം, ശാസ്ത്രം, ഗണിതം, സാ-ഹിത്യം എന്നിങ്ങനെ വിവിധ മേഖല-കളിലായി രണ്ടായിരം പുസ്തകങ്ങ-ളുള്ള ലൈബ്രറി കുട്ടികളെ അറിവിന്റെ, മൂല്യബോധത്തിന്റെ ആസ്വാദനത്തിന്റെ ഉന്നതങ്ങളിലേക്ക് ഉയർത്തുന്നു.

*ജൈവവൈവിധ്യഉദ്യാനം പഠനപ്രവർത്തനങ്ങൾക്ക് ഉണർവേകുന്നു.

## മികവുകൾ

* 1972-73 ൽ ഏറ്റവും മികച്ച സ്കൂളി-നുള്ള ഷീൽഡ് ഗവൺമെന്റിൽ നി-ന്നും ഈ സ്കൂളിനു ലഭിച്ചിട്ടുണ്ട്

* സബ് ജില്ല ഗണിത ശാസ്ത്രമേള-യിൽ ഓവർ ഓൾ ചാമ്പ്യൻഷിപ്പ്.( 2014-2015)

*സാമൂഹ്യ ശാസ്ത്രമേളയിൽ കോഴ-ഞ്ചേരി സബ്ജില്ലയിൽ ഒന്നാം സ്ഥാനം ( 2019_2020), ജില്ലാതല ശാസ്ത്ര രംഗ മത്സര-ത്തിൽ പ്രോജക്ടിനും, ശാസ്ത്രലേഖ-നത്തിനും രണ്ടാം സ്ഥാനം.( 2021-2022)

*Lss, Uss സ്കോളർഷിപ്പുകളിൽ മിക-ച്ച പരിശീലനം ഉന്നത വിജയം.

*ഭാഷാഅസംബ്ലി - ഭാഷാ അസംബ്ലി ആഴ്ചയിൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ നടക്കുന്നു. മലയാളം അസം ബ്ലിയിൽ പത്രവാർത്ത, ചിന്താവിഷയം, കവിതാലാപനം, പഴ ഞ്ചൊല്ലുകൾ, കടങ്കഥകൾ, സാഹിത്യ ക്വിസ്, സാഹിത്യകാര ന്മാരെ പരിച-യപ്പെടുത്തൽ, നാടൻപാട്ട് തുടങ്ങി പ്രവർത്തന ങ്ങൾ അസംബ്ലിയിൽ നടത്തിവരുന്നു. ബുധനാഴ്ച കളിൽ നടത്തുന്ന ഹിന്ദി അസംബ്ലിയിൽ പത്രവാർത്ത, ചിന്താവിഷയം, കവിതാലാപനം, സാഹിത്യ ക്വിസ്, വിവിധ ഭാഷാ പ്രവർത്തന ങ്ങൾ, സുരലീ ഹിന്ദി പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളി ക്കുന്നു. എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും ഇംഗ്ലീഷ് അസം ബ്ലി കുട്ടികൾ നടത്തുന്നു. Newsreading, thoughts, description, story telling, Hello English activities, text book activities പ്രവർത്തനങ്ങളും ഉൾക്കൊള്ളി-ക്കുന്നു. ഭാഷാ അസംബ്ലികൾ കുട്ടികൾക്ക് സഭാ കമ്പം മാറുന്നതിനും വ്യത്യസ്തമായ നൂതന മായ അവതരണ രീതികൾ പരിശീലി ക്കുവാനു-ള്ള ഒരു വേദി കൂടിയായത് മാറുന്നു.

* വിവിധ ഭാഷാപ്രയോഗം മെച്ചപ്പെടു-ത്തുന്ന പദ്ധതികളായ മലയാളത്തിള-ക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നിവയും വിഷയബന്ധിതമായ ശ്രദ്ധ,ഗണിത വിജയം, ഉല്ലാസ ഗണിതം, എന്നിവയ്ക്ക് സമയബന്ധിതമായിപരിശീലനവും നടന്നു വരുന്നു.

# പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.

ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡികൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

Scanned with OKEN Scanner
Scanned with OKEN Scanner

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

Scanned with OKEN Scanner

Scanned with OKEN Scanner

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

Scanned with OKEN Scanner
Scanned with OKEN Scanner

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കണ്ടെത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

Scanned with OKEN Scanner
Scanned with OKEN Scanner

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

Scanned with OKEN Scanner

Scanned with OKEN Scanner

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

Scanned with OKEN Scanner

Scanned with OKEN Scanner

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

Scanned with OKEN Scanner
Scanned with OKEN Scanner

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി തുല്യം എന്നിവ തിരിച്ചറിയുന്നു.

Scanned with OKEN Scanner
Scanned with OKEN Scanner

ക്ലാസ്സ് 2 മധുരം മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുന്നോട്ടു കൊണ്ടു വരിക | ലക്ഷ്യം നേടുന്നതു വരെ |
| 2 | പഠനം എളുപ്പമാക്കൽ | ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കുക | ലക്ഷ്യം നേടുന്നതു വരെ |
| 3 | വായിക്കാം വളരാം | വായന ശേഷം മെച്ചപ്പെടുത്തുന്നതിനായി ശ്രമിക്കുന്നു | ലക്ഷ്യം നേടുന്നതു വരെ |
| 4 | വായനയുടെ ആഴം വർദ്ധിപ്പിക്കുക | ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം | ലക്ഷ്യം നേടുന്നതു വരെ |
| 5 | എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ<br><br>സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു | ലക്ഷ്യം നേടുന്നതു വരെ |
| 6 | കണ്ടറിയാം കേട്ടറിയാം | ഐസിടി സാധ്യതയിലൂടെ അറിവ് നേടൽ ഡോക്യുമെന്ററി പ്രദർശനം | ലക്ഷ്യം നേടുന്നതു വരെ |
| 7 | രുചിച്ചറിയാം | നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ തിരിച്ചറിയൽ പ്രദർശിപ്പിക്കൽ | ലക്ഷ്യം നേടുന്നതു വരെ |
| 8 | ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ | ലക്ഷ്യം നേടുന്നതു വരെ |
| 9 | കലക്കൂട്ട് | പാഠഭാഗം ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | മാർച്ച് |
| 10 | സർഗോത്സവം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | മാർച്ച് |

Scanned with OKEN Scanner
Scanned with OKEN Scanner

ക്ലാസ്സ് 2 വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാൻ സംസാരിക്കാനും എഴുതാനും ശേഷം മെച്ചപ്പെടുത്തുന്നതിനായി ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു | വർഷം മുഴുവൻ |
| 2 | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനും വായിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കാനായി ഡയറി എഴുതുന്നു | വർഷം മുഴുവൻ |
| 3 | ഇംഗ്ലീഷ് തീയേറ്റർ | സർഗാത്മകത പരിവേഷണം | വർഷം മുഴുവൻ |
| 4 | ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത രചനാ ശേഷി വികസനം | വർഷം മുഴുവൻ |
| 5 | ഇംഗ്ലീഷ് കൈയെഴുത്ത് | കുട്ടികളുടെ സർഗാത്മകശേഷി വളർന്നതിനായും രചനാ മികവു കണ്ടെത്താനുമായി കയ്യെഴുത്ത് നടത്തുന്നു | വർഷം മുഴുവൻ |
| 6 | ഇംഗ്ലീഷ് കോർണർ | വായന പരിപോഷണം | വർഷം മുഴുവൻ |
| 7 | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ<br>ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വർഷം മുഴുവൻ |

Scanned with OKEN Scanner
Scanned with OKEN Scanner

ക്ലാസ്സ് 2 കളിക്കാം.... ഗണിക്കാം...

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ<br>ചതുഷ് ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവൻ |
| 2 | ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ<br>കര ചലനശേഷി വികാസം | വർഷം മുഴുവൻ |
| 3 | ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ<br>ഗണിതലാവ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| 4 | ഗണിതച്ചമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ |
| 5 | ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠന രസകരമാക്കാൻ | വർഷം മുഴുവൻ |
| 6 | ഗണിത മേള | ഗണിതശേഷികളുടെ പ്രകടനം പ്രദർശനം | വർഷം മുഴുവൻ |

ക്ലാസ്സ് 2 അറിയാം....... അടുത്തറിയാം....... (പരിസര പഠനം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമാണം | വർഷം മുഴുവൻ |
| 2 | ശാസ്ത്ര മൂലം | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | വർഷം മുഴുവൻ |
| 3 | ശാസ്ത്ര യാത്ര | ശാസ്ത്ര പഠനത്തിൽ താല്പര്യ ജനിപ്പിക്കൽ<br>അന്വേഷണത്വര വളർത്തൽ | വർഷം മുഴുവൻ |
| 4 | ഭൂപടം ഒരുക്കാം | ഭൂപട വായന ഭൂപട രചന ഭൂപടസൂചിക | വർഷം മുഴുവൻ |

Scanned with OKEN Scanner
Scanned with OKEN Scanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

Scanned with OKEN Scanner

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |



Scanned with OKEN Scanner
Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾ ക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണനന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jibin550@gmail.com

Scanned with OKEN Scanner

Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |



Scanned with OKEN Scanner
Scanned with OKEN Scanner

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin550@gmail.com

Scanned with OKEN Scanner

Scanned with OKEN Scanner

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Scanned with OKEN Scanner
Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

Scanned with OKEN Scanner
Scanned with OKEN Scanner

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |

Scanned with OKEN Scanner
Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹ2മൈ<br>ഠലമരവല്യ<br>ടഞഇ<br>ഇഹ2മൈ ജ0ആ | ജ0ആ ഉൗിറ<br>ടഞഇ |

Scanned with OKEN Scanner

Scanned with OKEN Scanner

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner
Scanned with OKEN Scanner

# പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner
Scanned with OKEN Scanner

# U P സെക്ഷൻ

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br><br>പഠിതാക്കൾ അവരുടെ അവധി ക്കാല അനുഭവങ്ങൾ വ്യവഹാര ങ്ങളിലൂടെ (കഥ കവിത യാത്ര നുഭവം അനുഭവക്കുറിപ്പ്) അവതരി പ്പിക്കുന്നു<br><br>ഭാഷ കേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം വളർത്തുന്നു<br><br>വാക്കുകൾ നിന്നും വാക്യത്തിലേക്ക്<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ - മാർച്ച് |
| 2 | പഠിതാവിൽ അർദ്ധ പൂർണ്ണമായ വായന ഉറപ്പു വരുത്തുക | വാർത്താ ലോകത്തേക്ക് ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | ജൂൺ - മാർച്ച് |
| 3 | സാഹിത്യ കൃതികളോടും സാഹിത്യകാരോടുള്ള മനോഭാവമെടുക്കുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | വാർത്ത വായന<br><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | |
| 4 | കുട്ടികളുടെ വ്യക്തിഗത രചനകളെ പരിപോഷിപ്പിക്കൽ | സംവാദം/ മുഖാമുഖം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു<br>കത്തെഴുതൽ കുട്ടികളുടെ പ്രിയപ്പെട്ട പുസ്തകത്തിന് രചയിതാവിന് ആ കൃതിയെ അഭിനന്ദിച്ചുകൊണ്ടുള്ള വിശദമായ കത്തെഴുതൽ | ജൂൺ - മാർച്ച് |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗമായ ബന്ധപ്പെട്ട കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച് |
| 6 | ഭാഷയുടെ ശരിയായ രൂപം കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനും ഉള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കുക | ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നങ്ങൾ കഥകൾ കവിതകൾ എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച് |

## English

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Ensure all students achieve grade level competencies in reading | Storytime spectacular<br><br>Listen and enjoy story telling with questions : Read a short story allowed and then ask the children question about it to check their comprehension. use fairy tale fable & picture books | June 2025 |
| 2 | Improve English language proficiency | Presentation of stories with voice modulation<br><br>Rhyming songs sing song.com rhyming words repetitive phrases | July 2025 |
| 3 | Encourage expressive reading | Reading Rainbow<br><br>book club discussion : select a book for the group to read and discus focus on theams, characters and catching parts improve English language proficiency | August 2025 |
| 4 | Increase children's vocabulary | Book reviews - let them right and present book reviews to encourage the critical thinking and articulate the opinion<br><br>Vocabulary games- use games like scrambled, word search, cross word puzzle, spell bee etc | September 2025 |
| 5 | Speed master showcase<br><br>Provide opportunity to listen and speak English | Speech contest- Host speech contests where members prepare and deliver speech on given topics provide constructive feedback on their | October 2025 |

| | | | |
|---|---|---|---|
| | language properly | performance select the best speakers from finale | |
| 6 | Creative writing quest<br><br>Enable store right English without error | Daily journalling engage children to keep a daily journal where they can freely right about their Day, thoughts and interests | November 2025 |
| 7 | Creative writing quest<br><br>Increases confidence in the English language | Role play provide a creative writing prompts to stimulate their imagination<br><br>Writing letters or email encourage children to write letters or emails to family members or friends | January 2026 |
| 8 | Creative writing quest<br><br>Increases confidence in the English language | Interactive writing games engage children in writing games like pass the story where each children adds a sentence to a story<br><br>Writing condes conduct a writing contacts for children like essay writing competition | February 2026 |

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | അക്ഷര ബോധം ഉറപ്പിക്കൽ 5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ അക്ഷരങ്ങളെ ഇഷ്ടപ്പെടാനും പരിചയപ്പെടാനും അവസരം ഒരുക്കുന്നു | കുട്ടിക്കവിതകളുടെയും വായനാകാട് ചിത്രങ്ങൾ അക്ഷരമാല ചാർട്ട് വീഡിയോകൾ എന്നിവയിലൂടെ അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നു<br><br>6,7 ക്ലാസ്സുകളിലെ കുട്ടികളെ ഇത്തരത്തിലുള്ള മാർഗങ്ങൾ ഉപയോഗിച്ച് അക്ഷര ബോധം ഉറപ്പിക്കുക | ജൂൺ- സെപ്റ്റംബർ |
| 2 | ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുന്നതിനുള്ള പരിശീലനം | നിരന്തരം കുട്ടിക്കഥകൾ വായിച്ചു കേൾപ്പിച്ച് പുതിയ പുതിയ വാക്കുകൾ കേൾക്കാനും അത്തരം കഥകൾ വായിക്കാനും ആവശ്യമായ സഹായങ്ങൾ നൽകുക<br><br>മത്സര വായന | ഒക്ടോബർ - ഫെബ്രുവരി |
| 3 | ഹിന്ദി സംസാരം നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക | ചെറിയ ചെറിയ നിർദ്ദേശങ്ങൾ ഹിന്ദിയിൽ നൽകി ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തുക<br><br>ഹിന്ദിയിൽ പ്രതികരിക്കാനാവശ്യമായ ഭാഷ പരി ചയപ്പെടുത്തുക | ഒക്ടോബർ - ഫെബ്രുവരി |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ശേഷി എല്ലാം കുട്ടികളിലും ഉറപ്പുവരുത്തുന്നു | ഓരോ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ഗണിത ശേഷിയില്ലാത്ത കുട്ടികളെ കണ്ടെത്തുന്നു<br>ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ ഒരു ഗണിതം മുടിയുൾ അക്കാദമിക വർഷാരംഭത്തിൽ തയ്യാറാക്കുന്നു | ജൂൺ 2025 |
| 2 | സ്ഥാനവില ഉറപ്പിക്കൽ | സ്ഥാന വില പോക്കറ്റ് കളികൾ, കൂട്ടങ്ങൾ ആക്കൽ | ആവശ്യാനുസരണം |
| 3 | സംഖ്യാബോധം ഉറപ്പിക്കൽ | സംഖ്യകൾ ക്രമത്തിൽ ആക്കൽ<br>ഇടയ്ക്കുള്ള സംഖ്യകൾ കണ്ടെത്തൽ (വലുതു ചെറുത് കണ്ടെത്തൽ)<br>ആരോഹണ ക്രമം അവരോഹണ ക്രമം<br>സംഖ്യ കാർഡ് ഉപയോഗിക്കൽ<br>ഗണിത കളികൾ<br>സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ, സംഖ്യ വ്യാഖ്യാനം<br>റോമൻ സംഖ്യകൾ | ആവശ്യാനുസരണം |
| 4 | ചതുഷ്ക്രിയ ഉറപ്പിക്കൽ | കച്ചവടം<br>പ്രായോഗിക<br>പ്രശ്നങ്ങൾ<br>മാന്ത്രിക ചതുരം | ആഴ്ചയിൽ ഒരു തവണ |

| | | | |
|---|---|---|---|
| | | മനക്കണക്ക്<br><br>ഊഹം<br><br>സ്ഥാനവില | |
| 5 | ഗണിതത്തിൽ താൽപര്യം ജനിപ്പിക്കാൻ | പറ്റേൺ വിശകലനം<br><br>ജാമിതീയ രൂപങ്ങൾ വരയ്ക്കൽ<br><br>ഗ്രൂപ്പ് ആക്ടിവിറ്റി<br><br>ഗണിത ക്വിസ്<br><br>പസിൽ ഗണിതം<br><br>കളികൾ കച്ചവടം | മാസത്തിൽ ഒരു തവണ |
| 6 | പ്രശ്നപഗ്രഥനം | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br><br>കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ<br><br>കരണ്ട് ബില്ല് കുറയ്ക്കാനുള്ള സർവ്വേ പാറ്റേൺ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 7 | രൂപങ്ങൾ തിരിച്ചറിയൽ | ചുറ്റുപാടുമുള്ള വസ്തുക്കളെ തരം തിരിക്കൽ<br><br>രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ചിത്രങ്ങൾ ഉണ്ടാക്കൽ<br><br>നിറം കൊടുത്ത ഭംഗിയാക്കൽ<br><br>രൂപങ്ങൾ വരയ്ക്കൽ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 8 | ആധുനിക ശാസ്ത്രസാങ്കേതികവിദ്യ സാധ്യതകൾ ഗണിതശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | പാഠഭാഗങ്ങൾ വിശദീകരിക്കുന്നതിന് ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br><br>ജിയോജിബ്ര ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ വരയ്ക്കൽ, ചതുഷ്ക്രിയകൾ<br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൾ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |

# ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ശാസ്ത്ര ആശയങ്ങൾ രസകരമായി കുട്ടികൾ സ്വാംശീകരിക്കുന്നു | ലാബ് ശക്തികരണം<br><br>ഓരോ യൂണിറ്റിലെയും പരീക്ഷണ സാധ്യതയുള്ള ഭാഗങ്ങൾ അക്കാദമി വർഷാരംഭത്തിൽ തന്നെ കണ്ടെത്തുന്നു<br><br>ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു അവർ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ തയ്യാറാക്കുന്ന പരീക്ഷണം നിരീക്ഷണം എത്തിച്ചേരൽ കുറിപ്പ് തയ്യാറാക്കാൻ നിത്യജീവിതമായി ബന്ധപ്പെട്ട പ്രവർത്തകൻ സമാനമായ മറ്റു പ്രവർത്തനങ്ങൾ കണ്ടത്തൽ | ജൂൺ - മാർച്ച് |
| 3 | നേരിട്ടുള്ള പഠനത്തിൽ ആവശ്യമായ ഫീൽഡ് ട്രിപ്പ് | ആട് പാവങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ അറിയുന്നതിനായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു<br><br>ഫീൽഡ് ട്രിപ്പിന്റെ അനുഭവക്കുറിപ്പുകളിൽ നിന്ന് മികച്ചവ തിരഞ്ഞെടുത്തു സമ്മാനം നൽകുന്നു | ജൂൺ - മാർച്ച് |
| 4 | നിയാസ് വളർത്താൻ ശാസ്ത്ര മാജിക്കുകൾ | രസകരമായ ചെയ്യാവുന്ന ശാസ്ത്രപരീക്ഷണങ്ങൾ മാജിക്കിന്റെ രൂപത്തിൽ അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് |
| 5 | നൂതന ആശയങ്ങൾ അറിയുന്നതിലൂടെ മികവ് ഉറപ്പുവരുത്തുന്നു | ദിനോചരണങ്ങൾ അനുയോജ്യമായ രീതിയിൽ ആചരിക്കുന്നു. | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | പോസ്റ്റർ നിർമ്മാണ മത്സരം<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, കുറിപ്പ്, വായന എന്നിവ നടത്തുന്നു<br><br>മാസം തോറും ക്വിസ് നടത്തി വിജയികളെ തിരഞ്ഞെടുക്കുന്നു | |

# സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | നേരിട്ടുള്ള പഠനത്തിന് ആവശ്യമായ ഫീൽഡ് ട്രിപ്പ് | പാട് വാങ്ങണം ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ അറിയുന്നതിനായി ഫീൽഡ് ട്രിപ്പുകൾ അടങ്ങുന്നു<br><br>ഫീൽഡ് ട്രിപ്പിന്റെ അനുഭവക്കുറിപ്പുകൾ നിന്ന് മികച്ചവ തിരഞ്ഞെടുത്തു സമ്മാനം നൽകുന്നു | ജൂൺ - മാർച്ച് |
| 2 | സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്ര ബന്ധപ്പെട്ട് കുട്ടികളുടെ മുന്നത്തെ പരിശോധിക്കുന്നതിന് വ്യത്യസ്തമായ പ്രവർത്തനം നൽകുന്നു | ജൂൺ |
| 3 | കുട്ടികളെ ചരിത്ര ബോധമുള്ളവർ ആക്കി മാറ്റുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാനമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു | ജൂലൈ - ഓഗസ്റ്റ് |
| 4 | ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക | 5,6,7 ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | പതിപ്പ് നിർമ്മാണം ക്വിസ് മത്സരം പുരാവസ്തു പ്രദർശനം പ്രസംഗ മത്സരങ്ങൾ | |
| 5 | സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാവുകൾ തണ്ണീർത്തനങ്ങൾ കണ്ണിൽ കാടുകൾ ജലാശയങ്ങൾ എന്നിവർ സന്ദർശിച്ചത് സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | സെപ്റ്റംബർ - ഒക്ടോബർ |
| 6 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്നു | പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്നതിന് ഡെമോൺട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | ഒക്ടോബർ - നവംബർ |
| 7 | ഇവരെ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രോഗ്രാം കുറിച്ചും റോഡ് സുരക്ഷയെപ്പറ്റിയും കുട്ടികളെ ബോധവാന്മാരാക്കുന്നു | സൈബർ കുറ്റകൃത്യങ്ങൾ റോഡ് സുരക്ഷ എന്നിവയെക്കുറിച്ച് കുട്ടികൾക്ക് രക്ഷിതാക്കൾക്കും അവബോധ ക്ലാസ്സ് എടുക്കുന്നു | ജനുവരി - ഫെബ്രുവരി |
| 8 | കുട്ടികളിലെ അന്വേഷണാത്മകഥ | സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ പ്രോജക്ട് വർക്കുകൾ എന്നിവ നൽകുന്നു | ഡിസംബർ - ജനുവരി |

# ഉപസംഹാരം

2025 - 26 അധ്യായനവർഷം സമഗ്രമായ ഗുണനില വാരമുള്ള വിദ്യാഭ്യാസ വർഷമായി കണക്കുകയാണ് ആ വർഷം തന്നെ ഒരു ക്ലാസിലെ പഠനഫലങ്ങൾ വിദ്യാർത്ഥികൾ നേടുന്നു എന്ന് ഉറപ്പിക്കുക എന്നതാണ് ഗുണനിലവാരമുള്ള വിദ്യാഭ്യാസ പരിപാടിയുടെ ലക്ഷ്യം

നാരങ്ങാനം സെന്റ് ജോർജ് യു പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കി യതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളി ലൂടെ സാധിക്കും എന്ന വിശ്വാസ മാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധ മായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹ ത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാ സത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയു മെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്